കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അക്കൗണ്ട് പേയീ ചെക്കായി അപേക്ഷകന് തുക നൽകുകയും ചെയ്യുന്നു. 2012 മുതൽ വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

വർഷം	തെരഞ്ഞെടുത്ത അപേക്ഷകൾ (എണ്ണം)	വിതരണം ചെയ്ത തുക
2012-13	323	13,30,980 രൂപ
2013-14	238	8,47,493 രൂപ
2014-15	446	10,85,635 രൂപ

കേസന്വേഷണങ്ങൾ

19 (*469) ശ്രീ. എസ്. ശർമ്മ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തെളിയിക്കുന്നതിലും പോലീസിന് വീഴ്ച സംഭവിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിന് പോലീസ് മേധാവി ശിപാർശ സമർപ്പിച്ചിട്ടുണ്ടോ ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രമാദമായ കേസുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിന് കൂടുതൽ ചുമതല നൽകിയിട്ടുണ്ടോ ;

(ഡി) ലോക്കൽ പോലീസിന്റെ അന്വേഷണങ്ങളെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതായി അറിയാമോ ;

(ഇ) പരാതികൾ ഉയർന്നു വന്നതിന്റെ പേരിൽ അത്തരം കേസുകൾ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിക്കേണ്ടി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തെളിയിക്കുന്നതിലും പോലീസിന് വീഴ്ച പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള സംവിധാനങ്ങളും സാങ്കേതിക സൗകര്യങ്ങളും ഉപയോഗിച്ച് കാര്യക്ഷമമായ രീതിയിൽ അന്വേഷണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly

കറ്റകൃത്യങ്ങൾ തെളിയിച്ചുവരുന്നുണ്ട്. നിലവിലുള്ള നിയമങ്ങളും മനുഷ്യാവകാശ പരിരക്ഷയും ഉറപ്പാക്കി ലഭ്യമായ എല്ലാ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെയാണ് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതും തെളിയിക്കുന്നതും.

(ബി&സി) ക്രൈംബ്രാഞ്ച് വിഭാഗം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ലഭിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 124/2014/ആഭ്യന്തരം, 17-6-2014 പ്രകാരം 19 പോലീസ് ജില്ലകളിലും നിലവിലുള്ള ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റിനെ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് (ഡി.സി.ബി.) എന്നായി പുനർനാമകരണം ചെയ്യുകയും ഓരോ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രാധാന്യമായ കേസുകൾ അന്വേഷിക്കുന്നതിനും ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ആക്ഷേപങ്ങൾ ഉയരുന്ന സന്ദർഭത്തിലും അത്തരം കേസുകൾ അന്വേഷിക്കുന്നതിനുമായി അതാത് ജില്ലകളിലെ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിന് ചുമതല നൽകിയിട്ടുണ്ട്. ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് (ഡി.സി.ബി.)-ലേക്ക് ഉള്ള കുറ്റാന്വേഷണ കേസുകളിൽ കഴിവ് തെളിയിച്ചിട്ടുള്ളതും 'പ്രൊഫഷണൽ' മികവുമുള്ള ഉദ്യോഗസ്ഥരെ മാത്രമേ പരിഗണിക്കുകയുള്ളൂ. കുട്ടികളും സ്ത്രീകളും ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ വനിത പോലീസുകാരുടെ മതിയായ പ്രാതിനിദ്ധ്യവും ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുനർഘടന നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും സർക്കാരിന് ശിപാർശ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്രൈം ബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ, ക്യാമറ എന്നിവ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

(ഡി) ലോക്കൽ പോലീസിന്റെ അന്വേഷണങ്ങളെ സംബന്ധിച്ച ചില സന്ദർഭങ്ങളിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേസന്വേഷണത്തിന് പുറമേ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ, വി.ഐ.പി. സുരക്ഷ, പ്രകൃതി ദുരന്തങ്ങൾ, അപകടങ്ങൾ എന്നിവ നേരിടുന്നതിന് കേസന്വേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സേനാംഗങ്ങളുടെ സേവനം അടിയന്തരമായി ലഭ്യമാക്കേണ്ടതുള്ളതിനാൽ കേസന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ജോലിഭാരം വളരെയധികം വർദ്ധിക്കുകയും ആയതിനാൽ അപൂർവ്വം ചില കേസുകളിന്മേൽ സമയബന്ധിതമായും കാര്യക്ഷമമായും അന്വേഷണം നടത്തുന്നതിനുള്ള സാഹചര്യത്തിന് കാലതാമസം നേരിടുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാന പോലീസ് നിലവിലുള്ള സേനാംഗങ്ങളെ ഉപയോഗിച്ച് എല്ലാ കേസുകളും കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലായെന്ന പരാതികൾ ഉയർന്നുവന്നതായ കേസുകൾ ജില്ലാ ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ഇത്തരത്തിൽ 112 കേസുകൾ സംസ്ഥാനത്തെ ജില്ലാ ക്രൈംബ്രാഞ്ചുകൾ അന്വേഷിക്കുന്നുണ്ട്.

തീരദേശ സുരക്ഷ മുൻകരുതൽ നടപടികൾ

20 (*470) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംശയാസ്പദ സാഹചര്യങ്ങളിൽ വിദേശ യാനങ്ങൾ സംസ്ഥാന സമുദ്രാതിർത്തിയിൽ പ്രത്യക്ഷപ്പെടുകയും ഒരെണ്ണത്തെ പിടിച്ചെടുക്കുകയും ചെയ്ത സാഹചര്യത്തിൽ തീരദേശ സുരക്ഷാ കാര്യത്തിൽ കൂടുതൽ മുൻകരുതൽ നടപടികൾ പരിഗണനയിലുണ്ടോ ;

(ബി) ഇതിനായി തീരദേശവാസികളുടെയും മത്സ്യബന്ധന തൊഴിലാളികളുടെയും സഹകരണവും നിരീക്ഷണവും ജാഗ്രതയും ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അവരുടെ സുരക്ഷയ്ക്കായി വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട അധികൃതർക്ക് കൈമാറുന്നതിനുള്ള ബോധവൽക്കരണവും ഉപകരണങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സംശയകരമായ സാഹചര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള യാനങ്ങളോ മറ്റെന്തെങ്കിലുമോ സംസ്ഥാന സമുദ്രാതിർത്തിയിൽ കാണപ്പെട്ടാൽ ഉടൻതന്നെ അവയെ കസ്റ്റഡിയിൽ എടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിന് ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, മത്സ്യബന്ധന വകുപ്പ് എന്നീ വകുപ്പുകളുമായി ചേർന്ന് സംസ്ഥാന സമുദ്രാതിർത്തിയിൽ കാര്യക്ഷമമായ രീതിയിൽ നിരീക്ഷണം നടത്തുന്നുണ്ട്. മേൽപറഞ്ഞ വകുപ്പുകളുമായി സഹകരിച്ച് മുഴുവൻ സമയ പട്രോളിംഗ് നടത്തുകയും ഇതിനുവേണ്ട പരിശീലനത്തിന്റെ ഭാഗമായി ഒരു വർഷത്തിൽ രണ്ടുതവണ 'തീരവേട്ട' എന്ന പേരിൽ സംയുക്ത പ്രവർത്തനം നടത്താറുമുണ്ട്. കടൽ കടന്നുവരാൻ സാദ്ധ്യതയുള്ള തീവ്രവാദ പ്രവർത്തനങ്ങളിൽ നിന്നും തീരദേശ മേഖലയെ സുരക്ഷിതമാക്കുന്നതിന് എല്ലാവിധ നടപടികളും സ്വീകരിച്ചുവരുന്നു. തീരസുരക്ഷയുടെ സമഗ്ര ഏകോപനം ലക്ഷ്യമിട്ട് ചീഫ് സെക്രട്ടറി, നാവിക സേനയുടെ ദക്ഷിണമേഖല ഫ്ലാഗ് ഓഫീസർ കമാന്റിംഗ് ഇൻ ചീഫ് എന്നിവരുടെ സംയുക്ത അദ്ധ്യക്ഷതയിൽ ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി

LIBRARY ARCHIVES Kerala Legislative Assembly